"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ദുരന്ത നിവാരണ വകുപ്പ് - കാലവർഷക്കെടുതികൾ. - കണ്ണൂർ ജില്ലയിലെ കുറ്റ്യാട്ടൂർ ഗ്രാമ പഞ്ചായത്തിലെ വേശാല - ചന്ദ്രത്തിൻ കാവ് റോഡ് പുനരുദ്ധാരണ പ്രവൃത്തി - കരാർ കാലതാമസം സാധൂകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ദുരന്ത നിവാരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.369/2025/DMD തീയതി,തിരുവനന്തപുരം, 02-06-2025

---

പരാമർശം:- 1. 01.08.2023 തീയതിയിലെ സ. ഉ. (സാധാ) നം. 495/2023/DMD

2. കണ്ണൂർ ജില്ലാകളക്ടറുടെ 18.02.2025 ലെ DCKNR/960/2024-DM3 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കാലവർഷക്കെടുതിയിൽ നാശനഷ്ടം സംഭവിച്ച റോഡുകളുടെ പുനരുദ്ധാരണത്തിലുൾപ്പെടുത്തി പരാമർശിത ഉത്തരവ് പ്രകാരം കണ്ണൂർ ജില്ലയിലെ ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്തിലുൾപ്പെട്ട കുറ്റ്യാട്ടൂർ ഗ്രാമ പഞ്ചായത്തിലെ വേശാല - ചന്ദ്രത്തിൻ കാവ് റോഡ് പ്രവൃത്തിക്ക് 8,00,000/- രൂപ (എട്ട് ലക്ഷം രൂപ മാത്രം) ഭരണാനുമതി ഉത്തരവായിട്ടുണ്ട്. എന്നാൽ ടെണ്ടർ നടപടികൾ സ്വീകരിച്ചുവെങ്കിലും ടെണ്ടറുകളിൽ ആരും പങ്കെടുത്തിരുന്നില്ലെന്നും പിന്നീട് റീടെണ്ടർ ചെയ്തപ്പോഴാണ് ടെണ്ടർ ഏറ്റെടുത്തതെന്നും റീടെണ്ടർ ചെയ്തപ്പോൾ ഉണ്ടായ കാലതാമസം കാരണം കരാറിൽ ഏർപ്പെടാൻ വൈകിയതെന്നും ടി പ്രവൃത്തി അത്യാവശ്യമായതിനാലും ഇലക്ഷൻ പെരുമാറ്റ ചട്ടം നിലവിൽ വരുന്നതിനു മുന്നേ പ്രവൃത്തി പൂർത്തീകരിക്കുന്നതിനുമാണ് അടിയന്തിരമായി റീടെണ്ടർ ചെയ്ത് കരാറിൽ ഏർപ്പെട്ടതെന്നും മേൽ സാഹചര്യത്തിൽ പ്രവൃത്തി പൂർത്തീകരണത്തിലുണ്ടായ കാലതാമസം സാധൂകരിച്ച് നൽകണമെന്ന് പരാമർശിത കത്ത് പ്രകാരം ജില്ലാകളക്ടർ അഭ്യർത്ഥിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജില്ലാകളക്ടറുടെ ശിപാർശയും നിർവ്വഹണ ഉദ്യോഗസ്ഥന്റെ വിശദീകരണവും പരിഗണിച്ച് പരാമർശിത ഉത്തരവ് പ്രകാരം 8,00,000/- രൂപ (എട്ട് ലക്ഷം രൂപ മാത്രം) ഭരണാനുമതി നൽകിയിരുന്ന കണ്ണൂർ ജില്ലയിലെ ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്തിലുൾപ്പെട്ട കുറ്റ്യാട്ടൂർ ഗ്രാമ പഞ്ചായത്തിലെ വേശാല - ചന്ദ്രത്തിൻ കാവ് റോഡ് പുനരുദ്ധാരണ പ്രവൃത്തിക്ക് കരാറിലേർപ്പെട്ടതിലെ കാലതാമസം സാധൂകരിച്ച് നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പൂജ ലാൽ കെ എ എസ്
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ, ബ്രാഞ്ച് ഓഫീസ്, കോഴിക്കോട്
ജില്ലാ കളക്ടർ, കണ്ണൂർ
ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
കമ്മീഷണർ, ഡിസാസ്റ്റർ മാനേജ്മെന്റ്, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം. DMB2/98/2025-DMD)

ഉത്തരവിൻ പ്രകാരം

Signed by
Kumari Rekha S R
Date: 03-06-2025 11:33:03
സെക്ഷൻ ഓഫീസർ

പകർപ്പ്: ദുരന്ത നിവാരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. ക്ക്.